പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :1995 08.03.2018 ലെ മറുപടിക്ക്

**'കയർ കേരള' യിലെ പങ്കാളിത്തം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) 'കയർ കേരള' യിൽ ഇത്തവണ എത്ര ബയേഴ്സ് പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ; ഇതിൽ സ്വദേശികൾ എത്ര; വിദേശികൾ എത്ര; | എ) കയർ കേരള 2017 ൽ 151 ബയേഴ്സ് ആകെ പങ്കെടുത്തിട്ടുണ്ട്. ഇവയിൽ 25 സ്വദേശികളും 126 വിദേശികളും ഉൾപ്പെടുന്നു. |
| ബി) ഡൊമസ്റ്റിക് ബയേഴ്സ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്ന് എത്ര വീതം പങ്കെടുത്തുവെന്ന് വിശദമാക്കുമോ; | ബി) ഉത്തർപ്രദേശ്-2,<br>ബംഗാൾ-2,<br>അസം-3,<br>ഡൽഹി-5,<br>ഗുജറാത്ത്-1,<br>കർണാടക-1,<br>തമിഴ് നാട്-8,<br>ജാർഖണ്ഡ്-2,<br>ജമ്മുകാശ്മീർ-1,<br>ആകെ - 25 |
| സി) 'കയർ കേരള' യിലൂടെ ഏകദേശം എത്ര കോടി രൂപയുടെ വിദേശ മാർക്കറ്റ് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | സി) കയർ കേരളയിൽ വിദേശ വ്യാപാരികളും എക്സ്പോർട്ടർമാരും കയർ പൊതു മേഖലാ സ്ഥാപനങ്ങളും കയർ ഉൽപന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് കയർ കേരളയിൽ വച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 100 കോടി രൂപയുടെ വിദേശ വിപണി പ്രതീക്ഷിക്കുന്നുണ്ട്. |
| ഡി) ഡൊമസ്റ്റിക് മാർക്കറ്റിൽ തൊഴിലുറപ്പ് പദ്ധതി വഴി ലഭിച്ചത് എത്ര; അല്ലാതെയുള്ള കയർ ഉൽപ്പന്നങ്ങൾക്ക് എത്ര; ഇവയ്ക്ക് ലഭിച്ച ഓർഡറുകൾ എത്ര വീതം; ഇവ ഇനം തിരിച്ച് വ്യക്തമാക്കുമോ; | ഡി) ഡൊമസ്റ്റിക്ക് മാർക്കറ്റിലെ തൊഴിലുറപ്പ് പദ്ധതി വഴി 120 കോടി രൂപയുടെ ധാരണാപത്രമാണ് ഒപ്പ് വെച്ചിരിക്കുന്നത്. ഇതു വഴി 1.85 കോടി സ്ക്വയർ മീറ്ററിന്റെ കയർ ഭൂവസ്ത്രം നിർമ്മിച്ച് നൽകേണ്ടതായി വരും.<br>കയർ മാറ്റുകൾ, മാട്രസ്സുകൾ, പായ, ടൈലുകൾ റബ്ബറൈസ്ഡ് കയർ പ്രോഡക്ട്സ്, റഗ്ഗുകൾ, കയർ പിത്ത്, ഗാർഡൻ ആർട്ടിക്കിൾസ്, മറ്റ് പ്രകൃതിദത്ത നാര് ഉൽപ്പന്നങ്ങൾ, കയർ മെഷീനറികൾ. ഡൊമസ്റ്റിക് മാർക്കറ്റിന്റെ ഭാഗമായി കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും കയർ കേരള 2017 ൽ ഓർഡറുകളും വിപണനവും |

| | |
|---|---|
| | ലഭ്യമായിട്ടുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ ലഭ്യമാണെങ്കിലും സ്വകാര്യ സംരംഭകർക്ക് കയർകേരളയിൽ ഉണ്ടായ നേട്ടങ്ങളുടെ കണക്കുകൾ മൊത്തം തൊഴിലവസരങ്ങളുടെ വർദ്ധനവിൽ പ്രതിഫലിക്കുന്നതിലൂടെ മാത്രമേ മനസ്സിലാക്കുവാൻ സാധ്യമാകുകയുള്ളു. |
| ഇ) 'കയർ കേരള' യുടെ ആകെ ചെലവ് എത്രയാണ്; ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | ഇ) 3.57 കോടി രൂപയാണ് സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ളത്. ഇനം തിരിച്ചുള്ള കണക്കുകൾ ഓരോ കമ്മിറ്റികളായി ഓഡിറ്റ് ചെയ്ത് കൊണ്ടിരിക്കുന്നു. |
| എഫ്) 'കയർ കേരള' യ്ക്ക് ഈ വർഷം കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചുവോ; എങ്കിൽ എത്ര; ഏതെല്ലാം ഇനങ്ങളിലെന്ന് വ്യക്തമാക്കുമോ; | എഫ്) ഈ വർഷം ധനസഹായം ലഭ്യമായിട്ടില്ല. കയർ കേരള 2017 ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്ര വാണിജ്യ മന്ത്രാലയം ഉല്പന്ന കേന്ദ്രീകൃത - ബ്രാൻറ് ഇൻഡ്യ ഇവൻറുകൾക്ക് മാത്രമേ സഹായം ലഭ്യമാക്കുവാൻ കഴിയൂ എന്നും കയർ കേരള ഒരു സംസ്ഥാന തല മേള ആയതിനാൽ ഈ ഗണത്തിൽ പരിഗണിക്കാനായില്ലായെന്നും അറിയിച്ചിട്ടുണ്ട്. |
| ജി) 'കയർ കേരള' യിൽ നിന്നും ലഭിച്ച കയർ ഭൂവസ്ത്രത്തിന്റെ മുഴുവൻ ഓർഡറുകളും സമയബന്ധിതമായി നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ? | ജി) ഗ്രാമ പഞ്ചായത്തുകളിൽ നിന്നും നാളിതുവരെ ലഭിച്ച കയർ ഭൂവസ്ത്രത്തിന്റെ ഓർഡറുകളുടെ അളവ് 50,00,000 ച.മീ (32.50 കോടി രൂപ) ആണ്. ഇതിൽ നിന്നും 30,00,000 ച.മീ. (19.50 കോടി രൂപയുടെ) ഭൂവസ്ത്രം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന ഓർഡർ പ്രകാരമുള്ള ഭൂവസ്ത്രം മാർച്ച് 31 ന് മുൻപ് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

9